**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3904** 15.05.2017 ലെ മറുപടി

**<u>കുടിവെള്ളത്തിന്റെ ദുരുപയോഗം നിയന്ത്രിക്കാൻ നടപടി</u>**

| <u>ചോദ്യം</u><br>**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | <u>മറുപടി</u><br>**മാത്യൂ ടി.തോമസ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
|---|---|
| എ) കുടിവെള്ളമായുപയോഗിക്കേണ്ട ശുദ്ധജലം ഇപ്പോഴും നിർമ്മാണ പ്രവർത്തനങ്ങൾക്കും ചെടി നനയ്ക്കാനും വാഹനങ്ങൾ കഴുകാനും ദുരുപയോഗം ചെയ്യുന്നുണ്ടെന്ന വസ്തുത അറിവുണ്ടോ; | എ) ഉണ്ട് |
| ബി) ഇതു നിയന്ത്രിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | ബി) ജലവിനിയോഗവും ദുരുപയോഗവും പരാമാവധി കുറയ്ക്കുന്നതിന് പത്രമാധ്യമങ്ങൾ, സമൂഹമാധ്യമങ്ങൾ, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ എന്നിവ വഴി ജലം അമൂല്യമാണെന്നും പാഴാക്കരുതെന്നുമുള്ള സന്ദേശം ജനങ്ങളിൽ എത്തിച്ച് ജനങ്ങളെ ബോധവത്ക്കരിക്കാനുള്ള ശ്രമം നടത്തി വരുന്നു. കൂടാതെ സർക്കിൾ തലത്തിലും ഡിവിഷൻ തലത്തിലും സ്ക്വാഡുകൾ രൂപീകരിച്ച് ശുദ്ധജലം പാഴാക്കുന്നതിനും ദുരുപയോഗം തടയുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ദുരുപയോഗ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ താക്കീത്, പിഴ ചുമത്തൽ, വാട്ടർ കണക്ഷൻ വിച്ഛേദിക്കൽ തുടങ്ങിയ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |
| സി) ടാങ്കറിൽ നിറച്ചുകൊട്ടുക്കുന്ന വെള്ളം കുടിവെള്ള ആവശ്യത്തിനു മാത്രമേ ഉപയോഗിക്കുന്നുള്ളു എന്ന് ഉറപ്പു വരുത്താൻ എന്തൊക്കെ പരിശോധനാ സംവിധാനങ്ങളുണ്ട്; പ്രസ്തുത സംവിധാനങ്ങൾ വഴി കഴിഞ്ഞ രണ്ടുമാസത്തിനിടെ എത്ര ദുരുപയോഗങ്ങൾ കണ്ടെത്തി നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ? | സി) ടാങ്കറിൽ നിറച്ചുകൊട്ടുക്കുന്ന വെള്ളം കുടിവെള്ള ആവശ്യത്തിനു മാത്രമേ ഉപയോഗിക്കുന്നുള്ളു എന്ന് ഉറപ്പു വരുത്താൻ കേരള ജല അതോറിറ്റിയുടെ നിലവിൽ പരിശോധനാ സംവിധാനങ്ങൾ പര്യാപ്തമല്ല. |

Renuka Sankar
സെക്ഷൻ ഓഫീസർ